"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വൈറ്റില ഗവൺമെന്റ് കോക്കനട്ട് ഫാമിലെ സ്ഥിരം തൊഴിലാളി ശ്രീമതി.സി.സി.പത്മിനിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.394/2024/AGRI തീയതി,തിരുവനന്തപുരം, 30-04-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 03.08.2020-ലെ എൽ.ഡബ്ല്യൂ.(1) 9706/2020 നമ്പർ കത്ത്.
2. സ.ഉ(സാധാ)നം. 240/2021/കൃഷി ; തീയതി 26.02.2021.
3. 23.01.2023 തീയതിയിലെ AF1/123/2020-AGRI നമ്പർ സർക്കാർ കത്ത്.
4 സ.ഉ(സാധ)നം. 647/2023/കൃഷി ; തീയതി 04.07.2023.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31.07.2023-ലെ ADFW/9000/2023/LW(1) നമ്പർ കത്ത്.

**ഉത്തരവ്**

വൈറ്റില ഗവൺമെന്റ് കോക്കനട്ട് ഫാമിലെ സ്ഥിരം തൊഴിലാളി ശ്രീമതി.സി.സി.പത്മിനിയ്ക്ക്, ടിയാരി നട്ടെല്ല് സംബന്ധമായി അസുഖത്തെ തുടർന്ന് ചികിത്സയിലായിരുന്ന 23/10/2018 മുതൽ 06/11/2019 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. തുടർന്ന് 23/10/2018 മുതൽ 06/11/2019 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി നിയമനാധികാരി കൂടിയായ വകുപ്പ് ഡയറക്ടർക്ക് പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിക്കാവുന്നതാണെന്നും, കൂടാതെ കെ.എസ്.ആർ ഭാഗം III ചട്ടം 43 c പ്രകാരം PSA യിൽ നിന്നോ/വകുപ്പധ്യക്ഷനിൽ നിന്നോ ഉള്ള ശുപാർശയുടെ വെളിച്ചത്തിൽ മെഡിക്കൽ പരിശോധന പൂർത്തിയാക്കി ചട്ടം 46 ൽ സൂചിപ്പിക്കുന്ന മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന പക്ഷം 04.05.2019ലെ സ.ഉ(അച്ചടി)നം.55/2019/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 2 ഭാഗം II ഇനം 9 പ്രകാരം ടിയാന്റെ തസ്തികയ്ക്ക് നിയമനം നടത്താൻ ക്ഷമതയുള്ള അധികാരിക്ക് തന്നെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതി മുതൽ ടിയാൾക്ക് ദുർബല പെൻഷൻ അനുവദിക്കാവുന്നതാണ് എന്നും പരാമർശം (3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ ശ്രീമതി.സി.സി.പത്മിനി permanently disabled ആയതിനാൽ തുടർന്നും ജോലിയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യമായതിനാൽ ടിയാരിക്ക് 07/11/2019 മുതൽ 31/03/2023 വരെയുള്ള 1241 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫാം ജീവനക്കാർക്ക് അവധി അനുവദിച്ച് കൊണ്ടുള്ള പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം ഫാം തൊഴിലാളികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റോട്ടു കൂടിയോ അല്ലാതെയോ ശൂന്യവേതനാവധി 121 ദിവസം മുതൽ 180 ദിവസം വരെ വകുപ്പ് തലവന് അനുവദിക്കാവുന്നതാണെന്നും, അതിനു മുകളിലുള്ളത് സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമുള്ള പക്ഷം അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുള്ള സാഹചര്യത്തിലും, ശ്രീമതി.സി.സി.പത്മിനി permanently disabled ആയതിനാൽ തുടർന്നും ജോലിക്ക് ഹാജരാകുവാൻ സാധിക്കാത്ത അവസ്ഥയാണ് എന്ന് കൃഷി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, മാനുഷിക പരിഗണന നൽകി കൊണ്ട് ശ്രീമതി.സി.സി.പത്മിനിയ്ക്ക് 07/11/2019 മുതൽ 31/03/2023 വരെ കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി.സി.സി.പത്മിനിയ്ക്ക് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം മുഖാന്തിരം).
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Agri-B2/307/2022-FIN (2169718) തീയതി 16.04.2024 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ